# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4169 24.10.2016 ൽ മറുപടിയ്ക്ക്

## ചെറായി എ. കെ. ജി. വായനശാല തീവച്ച്നശിപ്പിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചെറായി എ.കെ.ജി. വായനശാല തീവച്ച്നശിപ്പിച്ച സംഭവത്തിൽ കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്കായി തിരുവനന്തപുരം ഫോറൻസിക് ലാബിലേക്ക് എന്നാണ് അയച്ചതെന്ന് വ്യക്തമാക്കുമോ; | (എ) കൃത്യസ്ഥലത്തു നിന്ന് ശേഖരിച്ച സാമ്പിൾ 21.04.2016-ാം തീയതി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേക്ക് ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. |
| (ബി) പരിശോധനാഫലം ലഭിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഓരോ കേസിലെയും സാമ്പിളുകൾ സ്വീകരിച്ച്, മുൻഗണനാ ക്രമമനുസരിച്ചാണ് പരിശോധനാഫലം തയ്യാറാക്കുന്നത്. ആയതിനാലാണ് കാലതാമസം സംഭവിക്കുന്നത്. |
| (സി) സാധാരണഗതിയിൽ ഇത്തരം പരിശോധനക്ക് എത്ര കാലയളവാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഇത്തരം പരിശോധന നടത്തി തെളിവുകൾ കണ്ടെത്തേണ്ട കേസുകളുടെ ബാഹുല്യം കാരണം പരിശോധന പൂർത്തിയാക്കുന്നതിലേക്കായി വരുന്ന കാലതാമസം ഇപ്പോൾ നിർണ്ണയിക്കുവാൻ കഴിയുകയില്ല. |

Rahim T.

സെക്ഷൻ ഓഫീസർ